ENTRI

# CURRENT AFFAIRS

## 29 SEP 2023

### 2023 സെപ്റ്റംബർ 28 നു അന്തരിച്ച പ്രശസ്ത ഇന്ത്യൻ കാർഷിക ശാസ്ത്രജ്ഞൻ
### ഡോ. എം എസ് സ്വാമിനാഥൻ

---

- മുഴുവൻ പേര് മങ്കൊമ്പ് സാംബശിവൻ സ്വാമിനാഥൻ എന്നാണ്.
- 1925 ഓഗസ്റ്റ് 7ന് തമിഴ്നാട്ടിലെ കുംഭകോണത്ത് ജനനം.
- ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ പുളിങ്കുന്ന് മങ്കൊമ്പ് എന്ന സ്ഥലത്താണ് തറവാട്.
- ഇന്ത്യൻ ഹരിത വിപ്ലവത്തിന്റെ പിതാവ് എന്നറിയപ്പെടുന്നു.
- എം എസ് സ്വാമിനാഥൻ വികസിപ്പിച്ച ഗോതമ്പിനമാണ് സർബതി സോണോറ.
- 1987 ലോക ഭക്ഷ്യ പുരസ്കാരമായി ലഭിച്ച ഫണ്ടുപയോഗിച്ച് 1988-ൽ ചെന്നൈയിൽ അദ്ദേഹം എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ സ്ഥാപിച്ചു.
- 1999ൽ ടൈം മാഗസിൻ 20-ാം നൂറ്റാണ്ടിൽ ഏഷ്യയിൽ ഏറ്റവും സ്വാധീനമുള്ള വ്യക്തികളിലൊരാളായി തെരഞ്ഞെടുക്കപ്പെട്ടു. ഗാന്ധിജിയും രവീന്ദ്രനാഥ ടാഗോറുമാണ് മറ്റു രണ്ട് ഇന്ത്യക്കാർ.
- 2007- 13 കാലയളവിൽ രാജ്യസഭയിലേക്ക് നാമനിർദേശം ചെയ്യപ്പെട്ടു.
- 2023 സെപ്റ്റംബർ 28 നു അന്തരിച്ചു.
- പ്രധാന പുരസ്കാരങ്ങൾ
  - 1967 - പത്മശ്രീ
  - 1971 - മാഗ്സസേ അവാർഡ്
  - 1972 - പത്മഭൂഷൻ
  - 1987 - വേൾഡ് ഫുഡ് പ്രൈസ്
  - 1989 - പത്മവിഭൂഷൻ
  - 2000 - ഫ്രാങ്ക്ലിൻ റൂസ് വെൽറ്റ് അവാർഡ്
  - 2013 - ഇന്ദിരാഗാന്ധി പുരസ്കാരം
  - 2021 - കേരള ശാസ്ത്ര പുരസ്കാരം








ENTRI

Trusted by 1 crore students

# CURRENT AFFAIRS

**29 SEP 2023**

**WORLD HEART DAY**
**29 SEPTEMBER**

### ലോക ഹൃദയ ദിനം

**സെപ്റ്റംബർ 29**

- 2023 Theme - Use Heart, Know Heart

---

### രാജ്യാന്തര ട്വന്റി20യിലെ ഏറ്റവും ഉയർന്ന ടീം സ്കോർ നേടിയ ടീം

**നേപ്പാൾ**

- ഏഷ്യൻ ഗെയിംസിൽ മംഗോളിയക്കെതിരെ 314 റൺസ് നേടിയാണ് നേപ്പാൾ ക്രിക്കറ്റ് ടീം റെക്കോർഡ് കരസ്ഥമാക്കിയത്.
- ട്വന്റി 20 ക്രിക്കറ്റിൽ 300 റൺസ് സ്കോർ ചെയ്യുന്ന ആദ്യ ടീമാണ് നേപ്പാൾ.
- ഒരു ടി ട്വന്റി ഇന്നിങ്സിൽ ഏറ്റവും കൂടുതൽ സിക്സറുകൾ പിറന്ന ഇന്നിങ്സുമായി ഈ മത്സരം.ആകെ 26 സിക്സറുകൾ പിറന്നു.
- 9 പന്തിൽ 50 തികച്ച നേപ്പാളിന്റെ ദീപേന്ദ്ര സിങ് ഏറ്റവും ഏറ്റവും വേഗത്തിൽ അർധ സെഞ്ച്വറി എന്ന റെക്കോർഡും സ്വന്തമാക്കി.
- 34 പന്തിൽ സെഞ്ച്വറി നേടിയ നേപ്പാളിന്റെ കുശാൽ മല്ല ട്വന്റി 20യിലെ വേഗമേറിയ സെഞ്ചുറി എന്ന റെക്കോർഡും സ്വന്തമാക്കി.



ദീപേന്ദ്ര സിങ്



കുശാൽ മല്ല

---

### വേൾഡ് ഇന്റലക്ചൽ പ്രോപ്പർട്ടി ഓർഗണൈസേഷൻ പുറത്തിറക്കിയ ഗ്ലോബൽ ഇന്നവേഷൻ ഇൻഡെക്സ് 2023 പ്രകാരം ഇന്ത്യയുടെ റാങ്ക്

**40**

- പട്ടികയിൽ സ്വിറ്റ്സർലാൻഡ് ആണ് ഒന്നാമത്.

---

### കൊൽക്കത്ത സത്യജിത് റേ ഫിലിം ആന്റ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചെയർമാനായി നിയമിതനാകുന്നത്

**സുരേഷ് ഗോപി**



സുരേഷ് ഗോപി

---

### 2023 സെപ്റ്റംബറിൽ അന്തരിച്ച ഹാരിപോട്ടർ സിനിമാ സീരീസുകളിലൂടെ ശ്രദ്ധേയനായ ഹോളിവുഡ് നടൻ

**മൈക്കിൾ ഗാംബൻ**

- ഹാരി പോട്ടർ സീരീസിലെ പ്രൊഫ. ആൽബസ് ഡംബിൾഡോർ എന്ന കഥാപാത്രത്തിലൂടെ പ്രശസ്തനാണ് ബ്രിട്ടീഷ്-ഐറിഷ് നടനായ മൈക്കിൾ ഗാംബൻ.



മൈക്കിൾ ഗാംബൻ